## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4088** **21.10.2016 ൽ മറുപടിയ്ക്ക്**

**ഡ്രൈവിംഗ് ലൈസൻസ് ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്നതിനും, പുതുക്കുന്നതിനും ഉള്ള നിബന്ധനകൾ**

| | ചോദ്യം<br>ശ്രീ.ജോർജ് എം. തോമസ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | താമസവും മേൽവിലാസവും മാറുമ്പോൾ ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിനും, ഡ്യൂപ്ലിക്കേറ്റ് ലൈസൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും ഉള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | മേൽവിലാസം മാറ്റുന്നതിനും ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിനും, ഡ്യൂപ്ലിക്കേറ്റ് ലൈസൻസ് ലഭിക്കുന്നതിനും പുതിയ മേൽവിലാസം ഏത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെ അധികാര പരിധിയിലാണോ- വരുന്നത് പ്രസ്തുത ഓഫീസിലാണ് അപേക്ഷിക്കേണ്ടത്. അപേക്ഷയോടൊപ്പം പുതിയ മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിക്കേണ്ടതാണ്. മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖയായി ഇലക്ഷൻ ഐഡന്റിറ്റി കാർഡ്, പാസ്സ്പോർട്ട്, ആധാർ കാർഡ് എന്നിവയിലേതെങ്കിലും സമർപ്പിക്കാവുന്നതാണ്. |
| (ബി) | ഡ്രൈവിംഗ് ലൈസൻസിൽ മേൽവിലാസം മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുമോ; നിലവിൽ താമസിക്കുന്ന വിലാസത്തിൽ ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിനും ഡ്യൂപ്ലിക്കേറ്റ് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | ഡ്രൈവിംഗ് ലൈസൻസിൽ മേൽവിലാസം മാറ്റുന്നതിനുള്ള നടപടിക്രമങ്ങളിൽ യാതൊരു ബുദ്ധിമുട്ടും നിലവിലില്ല. മുൻപ് ഡ്രൈവിംഗ് ലൈസൻസിൽ മേൽവിലാസം മാറ്റുന്ന സമയത്ത് പഴയ ഓഫീസിൽ നിന്നും ഡ്രൈവിംഗ് ലൈസൻസ് പർട്ടിക്കുലേഴ്സ് ആവശ്യപ്പെടാറുണ്ടായിരുന്നു. നിലവിൽ സാധാരണ സാഹചര്യങ്ങളിൽ പർട്ടിക്കുലേഴ്സ് |

| | | | |
|---|---|---|---|
| | | | സമർപ്പിക്കേണ്ട ആവശ്യം വരുന്നില്ല. കൂടാതെ അപേക്ഷ ഓൺലൈൻ വഴി സമർപ്പിക്കാവുന്നതാണ്. മേൽവിലാസം മാറുന്ന സമയത്ത് പുതിയ മേൽവിലാസം ഡ്രൈവിംഗ് ലൈസൻസ്, ആർ.സി.ബുക്ക് എന്നിവയിൽ രേഖപ്പെടുത്തുക എന്നുള്ളത് നിയമപരമായ കാര്യമാണ്. ഓരോ ഓഫീസിനും അധികാരപരിധി നിർണ്ണയിച്ചിട്ടുള്ളതിനാൽ പുതിയ മേൽവിലാസത്തിൽ ലൈസൻസ് പഴയ ഓഫീസിൽ നിന്നും പുതുക്കി നൽകുവാൻ സാധ്യമല്ല. |

**സെക്ഷൻ ഓഫീസർ**